# VIMALA LPS
# VIMALAGIRI

# ACADEMIC MASTER PLAN 2025-2026

SCHOOLCODE - 30228

# ആമുഖം

വിമലഗിരി വിമല എൽ. പി. സ്കൂൾ ആരംഭിച്ചത് 1963-ലാണ്. ഇത് മരിയാപുരം പഞ്ചായത്തിൽ 10-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. സമീപ പ്രദേശങ്ങളിലെങ്ങും സ്കൂൾ ഇല്ലാത്തതിനാലാണ് ഇവിടെ സ്കൂൾ ആരംഭിച്ചത്. ഫാ. തോമസ് ചെട്ടിപ്പറമ്പിലാണ് സ്കൂൾ നിർമ്മാണത്തിന് മുൻകൈയ്യെടുത്തത്. കുഴിക്കുത്തിയാനിയിൽ എന്ന വീട്ടുകാരുടെ സ്ഥലമായിരുന്നു ഇത്. ഈ സ്ഥലം വിലക്കുവാങ്ങിയതാണ്. രക്ഷകർത്താക്കൾ പിരിവിട്ടാണ് ആവശ്യമായ പണം കണ്ടെത്തിയത്. ഇതിലും ചെറുതും ഓലമേഞ്ഞതുമായിരുന്നു ആദ്യകാലത്ത് ഈ സ്കൂൾ സമുഹത്തിന്റെ വിലപ്പെട്ട പിൻതുണ ഈ സ്കൂളിന്ന് ലഭിച്ചിരുന്നു.

ആദ്യം-1 ാം ക്ലാസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽ 30ന് അടുത്ത് കുട്ടികൾ ഉണ്ടായിരുന്നു. പ്രഥമാദ്ധ്യാപകൻ ശൗര്യാമാക്കൽ ജോസഫ് സാറായിരുന്നു. ക്രമേണ ഓരോ കൊല്ലവും 2,3 എന്ന ക്രമത്തിൽ 6-ാം ക്ലാസ് വരെ ഉണ്ടായി. ഈ പ്രദേശത്തുള്ള എല്ലാകുട്ടികളും ഇവിടെത്തന്നെയാണ് പഠിച്ചത്. യൂണിഫോം ഇല്ലായിരുന്നു. മറ്റു വസ്ത്രധാരണരീതി ഇന്നത്തേതുപോലെയായിരുന്നു. സ്കൂൾ അസംബ്ലി ഉണ്ടായിരുന്നില്ല. പാഠപുസ്തകങ്ങൾ കടകൾ വഴിയാണ് കിട്ടിയിരുന്നത്. ഇന്നത്തേതുപോലെ മൂന്നു ടേം പരീക്ഷ ഉണ്ടായിരുന്നു.

സ്കൂളിന് അംഗീകാരം ഇല്ലാത്തതുകൊണ്ട് സ്കൂൾ പരിശോധനക്ക് ഓഫീസർ വരുന്നില്ലായിരുന്നു. കുട്ടികൾ 5 വയസ്സിലാണ്

സ്കൂളിൽ ചേർന്നിരുന്നത്. പി.റ്റി.എ യോഗങ്ങൾ ഉണ്ടായിരുന്നു. ഇതിൽ എല്ലാ രക്ഷിതാക്കളും പങ്ക് ചേർന്നിരുന്നു. സ്കൂളിൽ ഉച്ചഭക്ഷണം ലഭിച്ചിരുന്നില്ല. 1982ൽ വിമലഗിരി വിമല എൽ.പി സ്കൂളിന് അംഗീകാരം ലഭിച്ചു. ശ്രീ. സി.വി ജോർജ്ജ് ചാലപ്പാട്ട് പ്രധാനധ്യാപകനായി ചുമതലയേറ്റു. ഇന്ന് പഴയ ഓലമേഞ്ഞ കെട്ടിടത്തിന്റെ സ്ഥാനത്ത് ഓടുമേഞ്ഞ അത്യാവശ്യം ഭൗതിക സൗകര്യങ്ങളുള്ള കെട്ടിടമാണ് സ്കൂളിനുള്ളത്. മരിയാപുരം പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂളായി ഈ സ്കൂൾ മാറി.

ഒരു വിദ്യാലയത്തിന്റെ ആത്മാവ് എന്നത് ആ വിദ്യാലയത്തിൽ നടക്കുന്ന അക്കാഡമിക് പ്രവർത്തനങ്ങളാണ്. ഭൗതിക സാഹചര്യം എത്ര നന്നായാലും അക്കാഡമിക് നിലവാരം മോശമെങ്കിൽ ആ വിദ്യാലയത്തിന്റെ പ്രകടനം ഏറ്റവും മോശമെന്ന് പറയാം. ഈ വിദ്യാലയത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്ന് ഒരു കുട്ടിയിൽ ഉള്ള മികവിനെ അവന്റെ മാനസ്സിക ശാരീരിക സാമൂഹിക അവസ്ഥകൾ മനസ്സിലാക്കി ഏറ്റവും തിളക്കമുള്ളതാക്കുക എന്നതാണ്. ICTയിൽ പരിശീലനം കിട്ടിയ സാങ്കേതിക ജ്ഞാനം ഉള്ള അദ്ധ്യാപകർ ഉണ്ടെങ്കിലും പഴയ ഉപകരണങ്ങളുടെ അഭാവം നിലനിൽക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇവ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

1. എല്ലാ കുട്ടികളെയും മാതൃഭാഷയിൽ പഠന നിലവാരമനുസരിച്ച് എഴുതുവാനും വായിക്കുവാനും കഴിവുള്ളവർ ആക്കുക
2. ഇംഗ്ലീഷ് മലയാളം എന്നിവയിൽ 4 വർഷം കൊണ്ട് പ്രായത്തിനും മാനസിക നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ഉള്ള കഴിവ്

പ്രധാനദിനാചരണങ്ങൾ

June 5 - പരിസ്ഥിതിദിനം.
June 19 - വായനാദിനം
June 26 - ലഹരിവിരുദ്ധദിനം.

July 11 ജനസംഖ്യാദിനം
July 21 ചാന്ദ്രദിനം.
Aug 9 ക്വിറ്റ് ഇന്ത്യദിനം.
Aug 15 സ്വാതന്ത്ര്യദിനം

Aug 17 കർഷകദിനം.
Sept 5 അധ്യാപകദിനം.
Sep 21 ലോകസമാധാനദിനം.
Oct 1 ലോകവയോജനദിനം
Oct 2 ഗാന്ധിജയന്തി

Nov 1 കേരളപ്പിറവി
Nov 14 ശിശുദിനം.
Dec 25 ക്രിസ്തുമസ്

Janu 1 - പുതുവർഷം
26 - റിപ്പബ്ലിക്.
Feb 21 - ലോകമാതൃഭാഷാദിനം.
Marc - വാർഷികം.
പരീക്ഷ.

## മേഖലകൾ/ലക്ഷ്യങ്ങൾ

## പഠനപ്രക്രിയയിൽ നേരിടുന്ന പ്രശ്നങ്ങൾ

സ്ഥിരമായി അവധിയെടുക്കൽ/നിസാര കാരണത്തിന് കുട്ടിയെ സ്കൂളിൽ അയക്കാതിരിക്കുക/കുടുംബപ്രശ്നങ്ങൾ/രോഗങ്ങൾ/

ഏകരക്ഷിതാവിന്റെ സംരക്ഷണത്തിൽ കഴിയുന്നതിന്റെ പ്രശ്നങ്ങൾ/രക്ഷിതാക്കളുടെ നിരക്ഷരത/താത്പര്യം ഇല്ലായ്മ.

കുട്ടികൾക്ക് അക്ഷരം,ചിഹ്നങ്ങൾ എന്നിവ ഉറയാതിരിക്കൽ.

വായനയുടെ കുറവ്.

ഇവയെല്ലാം കണക്കിലെടുത്ത് പാഠ്യപാഠ്യേതര പദ്ധതികൾ മുന്നോട്ടുപോകുന്നു.

## പദ്ധതികൾ

ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പുവരുത്തൽ, മലയാളം ഇംഗ്ലീഷ് എന്നിവയിൽ എല്ലാ കുട്ടികളും എഴുതുവാനും വായിക്കുവാനും ഉള്ള കഴിവുകൾ നേടിയെടുക്കുക.

ഇംഗ്ലീഷ് ഭാഷകളിൽ കൂടി അസംബ്ലി നടത്തുക.സംവാദങ്ങൾ,ചർച്ചകൾ,മലയാളത്തിളക്കം,ശ്രദ്ധ ചതുഷ്ക്രിയയിൽ ഉള്ള പ്രാവീണ്യം, യാത്രകൾ, സാമൂഹിക പ്രതിബദ്ധതയുള്ളവരായി വളർന്നുവരുവാൻ ഉള്ള പരിശീലനം, റാലികൾ, ബോധവത്ക്കരണ ക്ലാസുകൾ, പ്രദർശനങ്ങൾ,യോഗാ പരിശീലനം.

# പരീക്ഷകൾ

Monthly Test June – 27, 30
Mid Term July – 29, 30, 31
Monthly Test Aug – 26, 27, 29
പാദവാർഷിക പരീക്ഷ – Aug 21 – 29
Monthly Test Oct. – 29, 30
" " Nov – 27, 28
X'mas Exam – 12 - 19
Monthly Test Jan – 29, 30
" " Feb – 26, 27
Annual Exam – March

## വിവിധ ക്ലബ് പ്രവർത്തനങ്ങൾ

ജെ.ആർ.സി. കൃഷിപരിപാലനം, ആർട്സ്, സ്പോർട്സ്, ജീവിതനൈപുണി ക്ലാസുകൾ. , [illegible] ക്ലബ്,

മധ്യകാലം(1-2 വർഷത്തിനുള്ളിൽ)

മലയാളം തെറ്റുകൂടാതെ എഴുതുവാൻ ശീലിക്കുക,വായനാശീലം വളർത്തുന്നതിലൂടെ സ്വന്തമായ ശൈലി രൂപപ്പെടുത്തുക, നാടകങ്ങൾ, പ്രസംഗങ്ങൾ എന്നിവയ്ക്കു അവസരം നൽകുക, മേളകൾ, കലാകായിക മത്സരങ്ങൾ എന്നിവയിൽ പങ്കെടുപ്പിക്കൽ ഇത് പിന്നീട് ജില്ലാ -സംസ്ഥാന തലങ്ങളിൽ ഉള്ള മത്സരത്തിന്റെ മുന്നൊരുക്കം,സാമൂഹ്യശാസ്ത്ര മേളകളിൽ പങ്കെടുപ്പിക്കൽ,ലാബ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പ്രാവീണ്യം, പരിസ്ഥിതി സൗഹൃദപരമായി ജീവിക്കുവാനുള്ള പ്രാവീണ്യം, പ്രകൃതിയുമായി ഇണങ്ങിച്ചേർന്നുള്ള പഠനം, ശാസ്ത്രമേളകളിലും മത്സരപ്പരീക്ഷകളിലും കുട്ടികളെ പങ്കെടുപ്പിക്കൽ, ഐ.സി.റ്റി. സാധ്യകൾ പ്രയോജനപ്പെടുത്തുന്നു. ജ്യാമിതീയ രൂപങ്ങളെക്കുറിച്ചുള്ള ധാരണയും അവയുടെ അളവുകൾ കൈകാര്യം ചെയ്യുവാനുള്ള ശേഷിയും നിത്യജീവിതത്തിൽ ഗണിതക്രിയകൾ ചെയ്യുവാനുള്ള ശേഷിയും കൈവരിക്കൽ.

## ദീർഘകാലം (1-4 വർഷത്തിനുള്ളിൽ)

ആനുകാലിക പ്രസിദ്ധീകരണങ്ങളുൾപ്പെടെ വായനയെ ഗൗരവത്തോടെ സമീപിക്കുക, സാഹിത്യരചനകളിലേർപ്പെടുക. സ്കൂൾ ക്ലാസ്സ്തല മാഗസീനുകൾ നിർമ്മിക്കുക. സമർഥരായ കുട്ടികളുള്ള എൽ.എസ്.എസ്., പരീക്ഷയിൽ പങ്കെടുപ്പിക്കുക. ഗണിതഭാഗം കൈകാര്യം ചെയ്യുന്നതിനു പ്രാപ്തരാക്കാൻ ഗണിത ശാസ്ത്രമേളകളിൽ ഉള്ള പ്രാതിനിധ്യം.

## വിവിധ ക്ലബ് പ്രവർത്തനങ്ങൾ

ജെ.ആർ.സി. കൃഷിപരിപാലനം, ആർട്സ്, സ്പോർട്സ്, ജീവി തനൈപുണി ക്ലാസുകൾ. , [illegible] ക്ലബ്,

മധ്യകാലം(1-2 വർഷത്തിനുള്ളിൽ)

മലയാളം തെറ്റുകൂടാതെ എഴുതുവാൻ ശീലിക്കുക,വായനാശീലം വളർത്തുന്നതിലൂടെ സ്വന്തമായ ശൈലി രൂപപ്പെടുത്തുക, നാടകങ്ങൾ, പ്രസംഗങ്ങൾ എന്നിവയ്ക്കു അവസരം നൽകുക, മേളകൾ, കലാ കായിക മത്സരങ്ങൾ എന്നിവയിൽ പങ്കെടുപ്പിക്കൽ ഇത് പിന്നീട് ജില്ലാ -സംസ്ഥാന തലങ്ങളിൽ ഉള്ള മത്സരത്തിന്റെ മുന്നൊരുക്കം,സാമൂഹ്യ ശാസ്ത്ര മേളകളിൽ പങ്കെടുപ്പിക്കൽ,ലാബ് ഉപകരണങ്ങൾ ഉപയോ ഗിക്കുന്നതിനുള്ള പ്രാവീണ്യം, പരിസ്ഥിതി സൗഹൃദപരമായി ജീവി ക്കുവാനുള്ള പ്രാവീണ്യം, പ്രകൃതിയുമായി ഇണങ്ങിച്ചേർന്നുള്ള പഠ നം. ശാസ്ത്രമേളകളിലും മത്സരപ്പരീക്ഷകളിലും കുട്ടികളെ പങ്കെടു പ്പിക്കൽ, ഐ.സി.റ്റി. സാധ്യകൾ പ്രയോജനപ്പെടുത്തുന്നു. ജ്യാമിതീയ രൂപങ്ങളെക്കുറിച്ചുള്ള ധാരണയും അവയുടെ അളവുകൾ കൈകാര്യം ചെയ്യുവാനുള്ള ശേഷിയും നിത്യജീവിതത്തിൽ ഗണിതക്രിയകൾ ചെയ്യുവാനുള്ള ശേഷിയും കൈവരിക്കൽ.

## ദീർഘകാലം (1-4 വർഷത്തിനുള്ളിൽ)

ആനുകാലിക പ്രസിദ്ധീകരണങ്ങളുൾപ്പെടെ വായനയെ ഗൗരവ ത്തോടെ സമീപിക്കുക, സാഹിത്യരചനകളിലേർപ്പെടുക. സ്കൂൾ ക്ലാസ്സ്തല മാഗസീനുകൾ നിർമ്മിക്കുക. സമർത്ഥരായ കുട്ടികളുള്ള എൽ.എസ്.എസ്., പരീക്ഷയിൽ പങ്കെടുപ്പിക്കുക. ഗണിതഭാഗം കൈകാര്യം ചെയ്യുന്നതിനു പ്രാപ്തരാക്കാൻ ഗണിത ശാസ്ത്രമേളക

# സാമൂഹ്യശാസ്ത്രം

**ലക്ഷ്യങ്ങൾ**

ചുമതല

[illegible] (ടീച്ചർ)

സാമൂഹ്യശാസ്ത്രലാബ് ക്രമീകരണം

സാമൂഹ്യശാസ്ത്രമേളകളിൽ പങ്കെടുപ്പിക്കൽ

**തടസങ്ങൾ**

എഴുതുവാനും വായിക്കുവാനും ഉള്ള അറിവില്ലായ്മ.

| | | |
|---|---|---|
| സാമൂഹ്യശാസ്ത്ര മേളകൾ വിവിധ മത്സരങ്ങൾ പങ്കെടുപ്പിക്കൽ | വായനയ്ക്കുള്ള സൗകര്യം<br>കുട്ടികളെ അതിനായി കണ്ടെത്തുകയും പരിശീലനം നൽകുകയും ചെയ്യുന്നു. | സബ് ജില്ല ജില്ലാ സംസ്ഥാന മത്സരങ്ങളിൽ ഉള്ള പ്രാതിനിധ്യം. |
| LSS,PSC പരീക്ഷാ പരിശീലനം | പത്രം വായിക്കുവാൻ പ്രേരിപ്പിക്കുകയും എന്നും 5 ചോദ്യങ്ങൾ ക്ലാസിൽ വായിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട 10 ചോദ്യങ്ങൾ എങ്കിലും ഓരോ കുട്ടികളെക്കൊണ്ടും നിർമ്മിപ്പിക്കുന്നു. | പാഠ്യപദ്ധതിയോടൊപ്പം |
| ICT സാധ്യതകൾ | ചരിത്ര സംഭവങ്ങൾ ഇന്ത്യ, കേരളം,എന്നിവയുടെ മാപ്പുകൾ,ജില്ലകൾ ,സംസ്ഥാനങ്ങൾ,ദേശീയപാത | ക്ലാസിനൊപ്പം |
| സാമൂഹിക പ്രതിബദ്ധത | ഉത്തമമാതൃകകളെ പരിചയപ്പെടുത്തുന്നു.സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു. | |

# സയൻസ്

**ലക്ഷ്യങ്ങൾ**

ലാബ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പ്രാവീണ്യം.പരിസ്ഥിതി സൗഹൃദപരമായി ജീവിക്കുവാനുള്ള പ്രാവീണ്യം.

പ്രകൃതിയുമായി ഇണങ്ങിച്ചേർന്നുള്ള പഠനം.

ശാസ്ത്രമേളകളിലും മത്സരങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കൽ.

ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

## ചുമതലകൾ

സിസ്റ്റർ ഷിറി മാനുവൽ

| ലക്ഷ്യം | ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | കാലഘട്ടം | AREA |
|---|---|---|---|---|
| LAB | എല്ലാ കുട്ടികൾക്കും ലാബ് ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള അവസരം, പുതിയ ഉപകരണങ്ങൾ രൂപകൽപ്പന | പരീക്ഷണങ്ങൾ ചെയ്യുവാൻ കുട്ടികൾക്ക് പരീക്ഷണമൂലകളിൽ (ലാബ്) അവസരം നൽകുന്നു | ലാബ് പൂർണ്ണതോതിൽ എത്തുന്നതിനായി 2025.06ന് മുതൽ 26 മാർച്ച് | SSA |
| ICT | | സയൻസ് പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോസ് ചിത്രങ്ങൾ, ഗ്രാഫുകൾ, അഭിമുഖങ്ങൾ എന്നിവ കാണിക്കുന്നു. | // | |
| [illegible] സ്ഥിതി സൗഹൃദ ജീവിതം | മാലിന്യ സംസ്കരണം, ജൈവ പച്ചക്കറി ഉത്പാദനം, പ്ലാസ്റ്റിക് വിമുക്ത കോമ്പൗണ്ട് ബോധവത്ക്കരണം | ബോധവൽക്കരണ ക്ലാസ്, സെമിനാർ | // | |

| ലക്ഷ്യം | ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | കാലഘട്ടം | AREA |
|---|---|---|---|---|
| മേളകൾ | പരിശീലനം | ബുള്ളറ്റിൻ ബോർഡ്, ശാസ്ത്ര മാസികകൾ, ശാസ്ത്രപ്രദർശനങ്ങൾ, ക്വിസ് മത്സരങ്ങൾ, ദിനാചരണങ്ങൾ | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | |
| പ്രകൃതിയോടും പരിസ്ഥിതിയോടും ഇണങ്ങിച്ചേർന്നുള്ള പഠനം | ജൈവവൈവിധ്യ പാർക്ക്, ഔഷധ സസ്യങ്ങളുടെ പരിപാലനം, നാട്ടുമരുന്ന്, നാട്ടറിവുകൾ | നിർമ്മാണം,സംരക്ഷണം, അവയെ പാഠ്യ പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രയോജനപ്പെടുത്തൽ | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | ജില്ലാ പഞ്ചായത്ത്. |

## ഗണിതം

ഇന്ന് കുട്ടികൾ ഏറ്റവും അധികം വിഷമം നേരിടുന്ന ഒരു വിഷയമാണ് ഗണിതം. ഒരു ഗണിതാശയം മറ്റൊന്നിന്റെ തുടർച്ചയായതിനാൽ പഠനത്തിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽ ഉറച്ചു പോകാത്ത ഒരു ഗണിതാശയം ഒരു പരിധിവരെ തുടർന്നുള്ള പഠനത്തെ ബാധിക്കുന്നു. കൂടാതെ അമൂർത്തങ്ങൾ ആയ ആശയങ്ങളെ വിശകലനം ചെയ്യാനുള്ള പ്രാപ്തികുറവും ചിന്തിക്കാനുള്ള മടിയും കുട്ടികളെ ഗണിതത്തിൽ നിന്നും അകറ്റുന്നു. ഒരു ഗണിതപ്രശ്നം നിർദ്ധാരണം ചെയ്യുവാൻ പഠിക്കുമ്പോൾ ആ പ്രശ്നത്തിന്റെ എല്ലാ വശങ്ങളും അറിഞ്ഞിരിക്കേണ്ടതും അവ പരിഹരിക്കുവാൻ ഉള്ള എല്ലാ മാർഗ്ഗങ്ങളും അറിയുകയും വേണം. ഇങ്ങനെ പരിഹരിക്കുവാൻ പ്രാപ്തി നേടുന്ന കുട്ടി ജീവിതത്തിലും ഒരു പ്രശ്നം വരുമ്പോൾ പതറാതെ സമചിത്തതയോടെ അതിനെ കൈകാര്യം ചെയ്യുന്നു. ഗണിത പഠനം തുടർച്ചയായ ഒരു പ്രവർത്തനം ആണെങ്കിലും ഏകദേശം 90% കുട്ടികളും വിദ്യാലയത്തിൽ ഉള്ള സമയത്ത് മാത്രം പഠനം നടക്കുകയും നിസാര കാര്യങ്ങൾക്കും മറ്റും സ്കൂളിൽ വരാതിരിക്കുന്ന അവസ്ഥയും ഈയൊരു തുടർ പ്രവർത്ത

നത്തെ ബാധിക്കുന്നു. ഇങ്ങനെ അടിസ്ഥാ ആശയങ്ങൾ ഉറയ്ക്കാത്ത കുട്ടികൾ ഗണിത പഠനത്തിൽ പിന്നോട്ട് പോകുന്നു. വീട്ടിൽ പഠന സാഹചര്യമില്ലായ്മയും പഠനത്തെ ബാധിക്കുന്നു. ഇവയെല്ലാം കണക്കിലെടുത്ത് രൂപപ്പെടുത്തുന്നതാണ് ഈ മാസ്റ്റർ പ്ലാൻ.

ഗണിതത്തിൽ ഇന്ന് കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുകയും ഭാവിയിൽ ഗണിതം ഉപയോഗിക്കേണ്ട അവസരങ്ങളിൽ ഒട്ടും പതറാതെ ഉപയോഗിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി ഈ സ്കൂളിലെ കുട്ടികളുടെ സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളെയും മനസ്സിലാക്കി തയ്യാറാക്കിയതാണ് ഈ മാസ്റ്റർ പ്ലാൻ.

ചുമതലകൾ

ബിൻസി സെബാസ്റ്റ്യൻ

## മേഖലകൾ/ ലക്ഷ്യങ്ങൾ

1. ചതുഷ്ക്രിയയിൽ ഉള്ള പ്രാവീണ്യം
2. ജ്യാമിതീയ രൂപങ്ങളെ കുറിച്ചുള്ള ധാരണയും അവയുടെ അളവുകൾ കൈകാര്യം ചെയ്യാനുള്ള ശേഷിയും
3. നിത്യ ജീവിതത്തിൽ ഗണിത ക്രിയകൾ ചെയ്യുവാനുള്ള ശേഷി കൈവരിക്കൽ
4. ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട ശേഷികൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പ് വരുത്തൽ
5. എല്ലാ ക്ലാസ്സിലെയും സമർഥരായ കുട്ടികൾക്ക് LSS മത്സര പരീക്ഷകൾക്ക് ഗണിതഭാഗം കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കൽ
6. ഗണിത ശാസ്ത്രമേഖലകളിൽ ഉള്ള പ്രാതിനിധ്യം
7. ഒരുക്കം

സഹായം നല്കേണ്ട ഏജൻസി

SSA, സന്നദ്ധ സംഘടനകൾ

## സാമൂഹിക പദ്ധതികൾ

പിടിഎ/ക്ലാസ് പിടിഎ/ലോക്കൽ പിടിഎ ഡോക്ടർമാർ, ടെയ്‌ലർമാർ, വിഷമം നേരിടുന്ന കുട്ടികൾക്കായി അധ്യാപകരുടെ നേതൃത്വത്തിൽ ചികിത്സാ സഹായത്തിൽ, പട്ടികവർഗ്ഗ വികസന വകുപ്പ്-യാത്രാസഹായത്തിനു,വനംവകുപ്പ്-വൃക്ഷത്തൈകൾ

കൃഷി വകുപ്പ്-(ഗ്രോ ബാഗ്, പച്ചക്കറി വിത്തുകൾ, തൈകൾ ആവശ്യമായ സാങ്കേതിക സഹായം)

## വിഷയാടിസ്ഥാനത്തിൽ

### മലയാളം

ഹ്രസ്വകാലം -

മലയാളം വായിക്കാൻ പ്രാപ്തരാവുക.

മധ്യകാലം-

മലയാളം തെറ്റുകൂടാതെ എഴുതാൻ ശീലിക്കുക. വായനാശീലം വളർത്തുന്നതിലൂടെ സ്വന്തമായ ശൈലി രൂപപ്പെടുത്തുക.

### ഇംഗ്ലീഷ്

ഹ്രസ്വകാലം-

ഇംഗ്ലീഷിൽ എല്ലാ കുട്ടികളും എഴുതുവാനും വായിക്കുവാനും ഉള്ള കഴിവുകൾ നേടിയെടുക്കുക. ഇംഗ്ലീഷ് ഭാഷകളിൽ കൂടി അസംബ്ലി നടത്തുക.

പഠനാനുബന്ധ പ്രവർത്തനങ്ങൾ

എന്റെ മലയാളം, ദൃശ്യാവിഷ്കാരം

My English. കാവ്യാവിഷ്കാരം

Readers Theater സചിത്രവേദി

Readers corner. സർഗ്ഗാത്മകവേദി

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ഗണിത പുര | കുട്ടികൾക്ക് ഗണിതപരമായ വസ്തുക്കൾ ഉണ്ടാക്കുവാനും പ്രദർശിപ്പിക്കുവാനുമുള്ള സൗകര്യം | സ്ഥലപരമിതി | 2025 2026 | ഓരോ പാഠഭാഗവും കടന്നു പോകുമ്പോൾ അവയുമായി ബന്ധപ്പെട്ടതോ കുട്ടികളുടെ സ്വതന്ത്ര്യ ആശയങ്ങളോ നിർമ്മിക്കുവാൻ ഉള്ള സ്ഥലം ഒരുക്കൽ നിർമ്മിതിക്ക് ആവശ്യമായ ഉപകരണങ്ങൾ, വസ്തുക്കൾ മുതലായവ ഒരുക്കിയിരിക്കും കുട്ടികൾക്ക് ഏതു സമയത്തും ഉപയോഗിക്കുവാനുള്ള സൗകര്യം | | | | | ആവശ്യവസ്തുക്കൾ വാങ്ങുന്നതിനുള്ള തുക |
| ഗണിതമേളകളിൽ ഉള്ള പ്രാതിനിധ്യം | ഗണിത ശാസ്ത്ര മേളയിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും ഒരാളെയെങ്കിലും പങ്കെടുപ്പിക്കുക | കുട്ടികളുടെ താൽ പര്യമില്ലായ്മ | 2025 2026 | ക്ലാസുകളിലെ കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നല്കുക | | പലതലത്തിൽ ഉള്ള മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | | | |

ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന തരത്തിൽ ഉള്ള പ്രവർത്തനം.